II. ചെയർമാൻമാരുടെ പാനൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ... ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. എം. ഹസ്സൻ, ശ്രീ. പി.കെ.കെ.ബാവ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ 9.30 a.m.] എന്നിവരെ പതിനൊന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

III. അടിയന്തിരപ്രമേയം

കേരള ഭാഗ്യക്കുറി നിരോധിച്ചതുമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ. എ. കെ. ബാലൻ, കെ. പി. രാജേന്ദ്രൻ, കെ. സി. ജോസഫ്, വി. സി. കബീർ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, എ. എ. അസീസ് എന്നിവർ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിക്കുന്ന ഒരു നോട്ടീസ് റൂൾ 50 പ്രകാരം തന്നിട്ടുണ്ട്. ഞാനത് വായിക്കാം.

"കേരള ഭാഗ്യക്കുറി സർക്കാർ നിരോധിച്ചതുമൂലം ലോട്ടറി വിൽപ്പനക്കാരും ഏജന്റുമാരുമായ മുന്നര ലക്ഷത്തോളം പേരുടെ ഉപജീവനം വഴിമുട്ടിയിരിക്കുന്നു. വ്യാജ ലോട്ടറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യം സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താതെയും അന്തിമ വിധിക്കോ നിർദ്ദേശത്തിനോപോലും കാത്ത് നിൽക്കാതെയും ഗവൺമെന്റ് ഏർപ്പെടുത്തിയ നിരോധനം സംസ്ഥാനത്താകെ ദുരവ്യാപകമായ പ്രത്യാഘാതങ്ങളും ആശങ്കയും ഉളവാക്കുകയും ലോട്ടറി ടിക്കറ്റ് വിതരണക്കാരെ ആത്മഹത്യയിലേയ്ക്ക് നയിക്കാൻ ഇടയാക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നു."

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ആദ്യമായി ഇങ്ങനെ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നതിന് ഞാൻ പ്രതിപക്ഷാംഗങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുകയാണ്. ഇക്കാര്യം വിശദീകരിക്കാൻ ഗവൺമെന്റിന് ഒരു അവസരം നൽകിയതിനാണ് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നത്. കേന്ദ്ര സർക്കാർ 1998-ൽ കേന്ദ്ര ലോട്ടറി റെഗുലേഷൻ ആക്ട് നടപ്പിലാക്കി. കേന്ദ്ര നിയമത്തിലെ സെക്ഷൻ 4 അനുസരിച്ച് ചില നിബന്ധനകൾ പാലിച്ചുകൊണ്ടുവേണം ലോട്ടറികൾ നടത്താൻ. പ്രധാനമായും 10 നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ സംസ്ഥാന സർക്കാർ അതിന്റെ മുദ്രയോടു കൂടി ലോട്ടറി ടിക്കറ്റ് നേരിട്ട് അച്ചടിക്കേണ്ടതാണ്, അച്ചടിച്ച ടിക്കറ്റുകൾ സർക്കാർ നേരിട്ടോ സർക്കാർ നിശ്ചയിക്കുന്ന ഏജന്റുമാർ വഴിയോ വിൽക്കാവുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly